"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ കാലഹരണപ്പെട്ട യാത്രാബത്ത ബില്ലുകൾ ട്രഷറിയിൽ നിന്നും പാസ്സാക്കി നൽകുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.466/2026/TAXES തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:- സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 11/02/2025, 15/05/2025, 24/11/2025, 20/02/2026 എന്നീ തീയതികളിലെ SLTY/674/2025-Bud1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ യാത്രാബത്ത ഇനത്തിലുള്ള 2022 ഒക്ടോബർ മാസത്തിലെ 17,150/- രൂപയുടെയും, 2022 നവംബർ മാസത്തിലെ 14,500/- രൂപയുടെയും ബില്ലുകൾ അധിക ധനാനുമതി പ്രകാരം അലോട്ട്മെന്റ് യഥാസമയം ലഭ്യമാകാതിരുന്നതിനാൽ, രണ്ടു വർഷം കഴിയുന്നതിനു മുൻപ് ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നും അധിക ധനാനുമതി ലഭിച്ച മുറയ്ക്ക് ടി ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചപ്പോൾ രണ്ടു വർഷം കഴിഞ്ഞതിനാൽ പാസ്സാക്കുന്നതിന് സർക്കാർ അനുമതി ആവശ്യമുണ്ടെന്ന കാരണത്താൽ ട്രഷറിയിൽ നിന്നും മടക്കി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ബില്ലുകൾ പാസ്സാക്കി നല്കുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നല്കണമെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ ജീവനക്കാർ കെ.എസ്.ആർ. ഭാഗം 2 ചട്ടം 5A പ്രകാരമുള്ള സമയപരിധിക്കുള്ളിൽ യാത്രാബത്ത ബില്ലുകൾ നിയന്ത്രണാധികാരിക്കു മുന്നിൽ സമർപ്പിച്ചിരുന്നു എന്ന് ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ 2022 ഒക്ടോബർ മാസത്തിലെ 17,150/- രൂപയുടെയും, 2022 നവംബർ മാസത്തിലെ 14,500/- രൂപയുടെയും കാലഹരണപ്പെട്ട യാത്രാബത്ത ബില്ലുകൾ ട്രഷറിയിൽ നിന്നും പാസ്സാക്കി നൽകുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (20/05/2025-ലെ (3077656-EXP-B1/141/2025-FIN പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/37/2025-TAXES)

Signed by
ഉത്തരവിൻ പ്രകാരം
Babu G
Date: 02-06-2026 13:51:43
സെക്ഷൻ ഓഫീസർ